അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "അക്ഷയ ബ്രാൻഡിംഗ്" എന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. ഇതുകൂടാതെ പുതുതായി തുടങ്ങുന്ന അക്ഷയ കേന്ദ്രങ്ങൾ കഴിവതും താഴത്തെ നിലയിൽത്തന്നെ ആയിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

268 (613) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(സി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നിലവിൽ 23 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലുമുള്ള അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഒരു പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾവരെ അനുവദിക്കാവുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയം അനുസരിച്ചാണ്. നെന്മാറ നിയോജക മണ്ഡലത്തിൽ 23 അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 18 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 5 എണ്ണം ഒഴിവായി കിടക്കുന്നുണ്ട്.

(സി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ കൂടുംബ സാന്ദ്രതയനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോമീറ്ററിൽ കൂടുതൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

കണ്ണൂർ സൈബർ പാർക്ക്

269 (614) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) നബാർഡ് വായ്പ അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന 25 ഏക്കർ ഭൂമിയിലെ സൈബർപാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിലേക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമുള്ള ഒരേക്കർ ഭൂമിയുടെ അക്വിസിഷൻ, കൈമാറ്റ നടപടി ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഒരേക്കർ ഭൂമിയിൽ 80 സെന്റ് അക്വിസിഷനും ബാക്കി 20 സെന്റ് ഭൂമി കൈമാറ്റവുമാണ് നടക്കേണ്ടത്. അക്വിസിഷൻ, കൈമാറ്റ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സൈബർ പാർക്ക് ഭൂമിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

പുറക്കാട് ഐ.ടി. പാർക്ക്

270 (615) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറക്കാട് ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly